**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 317** **05-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ കേന്ദ്ര ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എം. എം. മണി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിൽ നിയന്ത്രിക്കാനുള്ള വ്യവസ്ഥകളായിരുന്നു 97-ാം ഭരണഘടന ഭേദഗതിയിൽ ഉൾപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ താഴെ പറയുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയത്. (i) ആർട്ടിക്കിൾ 19 ൽ സഹകരണ സംഘ രൂപീകരണം മൗലികാവകാശമായി പ്രഖ്യാപിച്ചു. (ii) ആർട്ടിക്കിൾ 43 B ൽ സംസ്ഥാനങ്ങൾ സഹകരണ സംഘങ്ങളുടെ സ്വയം രൂപീകരണം, ജനാധിപത്യപരമായ ഇടപെടൽ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി എടുക്കണം. (iii) 'IX-B-Cooperative Societies' എന്ന ഒരു അദ്ധ്യായം കൂട്ടിച്ചേർത്തു. IX-B യിലെ വ്യവസ്ഥകൾ മുഖ്യമായും താഴെ പറയുന്നവയാണ്. • സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ എണ്ണം പരമാവധി 21 ആയും പ്രത്യേകം സംവരണം ചെയ്തിട്ടുള്ള വനിതാ അംഗങ്ങളുടെ എണ്ണം 3 ൽ നിന്ന് 2 ആയും ഭരണസമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമായും ഇടക്കാല ഒഴിവ് നോമിനേഷൻ വഴി നികത്തുന്നതിനും, ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് അല്ലെങ്കിൽ സംഘത്തിന്റെ ഉദ്ദേശങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പരിചയമുള്ള 2 പേരെ കോ-ഓപ്റ്റ് ചെയ്യുന്നതിനും, സംഘം ഭരണസമിതിയുടെ സൂപ്പർ സെഷൻ 6 മാസത്തിലധികരിക്കരുതെന്നും, ബാങ്കിംഗ് ബിസിനസ്സ് ചെയ്യുന്ന സംഘങ്ങൾക്ക് ആയത് ഒരു വർഷത്തിലധിക്കരിക്കരുതെന്നും, സർക്കാർ സഹായം ലഭിച്ചിട്ടില്ലാത്ത സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ സൂപ്പർ സീഡ് (പിരിച്ച് വിടാൻ) ചെയ്യാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. • കൂടാതെ സംഘത്തിന്റെ ആഡിറ്ററുടെയും ആഡിറ്റിംഗ് ഫേമുകളുടെയും യോഗ്യതയും പരിചയവും സംസ്ഥാന നിയമത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നതിനും, ആഡിറ്ററെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നും നിയമിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം, സംഘം ആഡിറ്റ് ചെയ്തിരിക്കണമെന്നും, അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനകം പൊതുയോഗം കൂടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. • എല്ലാ സഹകരണ സംഘങ്ങളുടെയും തെരഞ്ഞെടുപ്പ് ഒരു പ്രത്യേക അധികാര സ്ഥാപനം നടത്തണമെന്നും സംഘം മാനേജ്മെന്റ്/ പ്രവർത്തനം എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. • സംഘത്തിന്റെ രേഖകൾ, ബുക്കുകൾ എന്നിവ അധികാരപ്പെട്ട ആളിന് കൈമാറുന്നതിലെ വീഴ്ചയും, ഭരണസമിതി അംഗങ്ങളോ, ഓഫീസ് ചുമതലക്കാരോ തെരഞ്ഞെടുപ്പിന് മുമ്പോ തെരഞ്ഞെടുപ്പ് സമയത്തോ, ശേഷമോ അഴിമതി നടത്തുന്നത് കുറ്റങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിച്ച് സംസ്ഥാന സഹകരണ മേഖലയിൽ ഇടപെടാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തെ പ്രതിരോധിക്കാൻ 97-ാം ഭരണ ഘടന ഭേദഗതി റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധി പ്രയോജനപ്രദമാകുമോയെന്ന് പരിശോധിക്കുമോ; | (ബി) | 97-ാം ഭരണഘടന ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ IX-B-The Cooperative Societies എന്ന ഭേദഗതി സുപ്രീം കോടതി ഭാഗികമായി റദ്ദാക്കി എങ്കിലും, ടി ഭേദഗതിയിലെ വ്യവസ്ഥകൾ multi state co-operative societies ന് ബാധകമാകും എന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. തന്മൂലം ടി വ്യവസ്ഥകൾക്ക് വിധേയമായി കൂടുതൽ Multi State Cooperative society സംസ്ഥാനത്ത് വരുന്നതിന് സാഹചര്യമുണ്ടാകും. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് മൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകാം. IX-B യിലെ വ്യവസ്ഥകൾ 2013 ലെ നിയമ ഭേദഗതിയിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സഹകരണം സംസ്ഥാന വിഷയമാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ? | (സി) | കൂടാതെ കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്. ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയത് സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ